## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 625 19-03-2013 ലെ മറുപടിയ്ക്ക്

## ലോട്ടറി വകുപ്പിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.കെ.അച്ചുതൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഭാഗ്യക്കുറി വകുപ്പിനെ മഹത്തായ ജീവകാരുണ്യ പ്രസ്ഥാനമാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | നിർദ്ധന വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്നതിനായി കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള ലാഭം വിനിയോഗിച്ച് കാരുണ്യ ബെനവലന്റ് ഫണ്ട് എന്ന പദ്ധതി ആരംഭിച്ചു. ക്യാൻസർ, ഹൃദയം, വൃക്ക, തലച്ചോർ, കരൾ ഹീമോഫീലിയ രോഗികൾക്കും പാലിയേറ്റീവ് കെയറിനും ധനസഹായം നൽകുന്നു. ഇത് ഇന്ത്യയിലെതന്നെ ആദ്യത്തെ അനുകരണീയമായ ഒരു പദ്ധതിയാണ് . കാരുണ്യ ചികിത്സാ സഹായനിധിയിലൂടെ സംസ്ഥാനത്ത് ഇതേവരെ 7502 പേർക്കായി 79.17 കോടി രൂപ വിവിധ ആശുപത്രികളിലൂടെ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ഭാഗ്യക്കുറികളാണ് ഇതിനായി തുടങ്ങിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ശനിയാഴ്ചതോറും നറുക്കെടുക്കുന്ന 50/- രൂപ മുഖവിലയുള്ള കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള ലാഭമാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയ്ക്കായി വിനിയോഗിക്കുന്നത്. |

(സി) ലോട്ടറിയുടെ ഘടനയിലും, സമ്മാനത്തുകയിലും എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായി; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് ആഴ്ചയിൽ ഒരു ദിവസം മാത്രം നിലവിലുണ്ടായിരുന്ന വിൻവിൻ ഭാഗ്യക്കുറി 63 ലക്ഷം ടിക്കറ്റുകൾ അച്ചടിച്ച് 7 പരമ്പരകളിലായി വിൽപ്പന നടത്തിയിരുന്നു.. ടി ഭാഗ്യക്കുറിയിൽ 2 സ്ലാബുകളിലായി 1000 ടിക്കറ്റുകൾ വരെ 35%, 1000 ടിക്കറ്റിനു മുകളിൽ 35.25% എന്ന നിരക്കുകളിൽ ഡിസ്കൗണ്ട് ഏജന്റുമാർക്ക് നൽകിയിരുന്നു. 2011 ആഗസ്റ്റ് മാസത്തിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറികൾ പുന:രാരംഭിച്ചു. വിൻവിൻ ഭാഗ്യക്കുറിയുടെ സമ്മാനഘടന 5 പരമ്പരകളിലായി 25 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധത്തിൽ പരിഷ്കരിച്ചു. പുതുതായി ആരംഭിച്ച 20/- രൂപ മുഖവിലയുള്ള പൗർണ്ണമി, അക്ഷയ ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികൾ പരമാവധി 25 ലക്ഷം ടിക്കറ്റുകളും 40/- രൂപ മുഖവിലയുള്ള പ്രതീക്ഷ, ധനശ്രീ എന്നീ ഭാഗ്യക്കുറികളും, 50/- രൂപ മുഖവിലയുള്ള കാരുണ്യ ഭാഗ്യക്കുറിയും പരമാവധി 20 ലക്ഷം ടിക്കറ്റുകൾ എന്ന കണക്കിനും 5 പരമ്പകളിലായി അച്ചടിക്കത്തക്കവിധം സമ്മാന ഘടനകൾ ആവിഷ്കരിച്ചു . 20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറിയുടെ ഡിമാന്റ് വർദ്ധിച്ച സാഹചര്യത്തിൽ ക്രമേണ 45 ലക്ഷം ടിക്കറ്റുകൾ അച്ചടിയ്ക്കത്തക്ക വിധം സമ്മാന ഘടന പരിഷ്കരിക്കുകയും നിലവിൽ 45 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കുകയും ചെയ്യുന്നു. 40/- രൂപ, 50/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾ നിലവിൽ 22.5 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കുന്നു. ജൂലൈ 2012 മുതൽ 5000/- രൂപയുടെ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും, ഡിസ്കൗണ്ട് 20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളിൽ 26%, 28% എന്നീ നിരക്കുകളിലും, 40/- രൂപ 50/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾക്ക് 28%, 30% എന്നീ നിരക്കുകളിലും വർദ്ധിപ്പിക്കുകയും ചെയ്തു. എല്ലാ ദിവസവും ഭാഗ്യക്കുറികൾ ആരംഭിച്ചപ്പോൾ സമ്മാനത്തുക ശരാശരി 2.4 കോടി രൂപയായിരിന്നു. ഏഴ് നറുക്കെടുപ്പുകളിലായി നിലവിൽ ശരാശരി 4.27 കോടി രൂപ സമ്മാത്തുകയായി നൽകുന്നു.

(ഡി) ലോട്ടറിയിൽ നിന്നുള്ള വരുമാനം ഏതെല്ലാം കാരുണ്യ പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള ലാഭം നിർദ്ധന വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ചികിത്സാധനസഹായം നൽകുന്നതിന് വിനിയോഗിക്കുന്നു.

സെക്ഷൻ ഓഫീസർ.